ഉത്തരം

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 10 ജില്ലകളിൽ കയറ്റിറക്കുകൂലി ഏകീകരിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിക്കപ്പെട്ട കൂലി ബാങ്ക് മുഖേന ഒടുക്കി ചുമട്ടുതൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്

(സി) നോക്കുകൂലി നിർമാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി, ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നോക്കി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ടെലിഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ വെബ്സൈറ്റ്/കോൾസെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. പരാതി ലഭിച്ച കേസ്സുകളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് തുക തിരികെ വാങ്ങി നൽകിയിട്ടുണ്ട്

(ഡി) കൂലി ഏകീകരിയ്ക്കാത്ത ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽരഹിതർ

247 (939) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ രഹിതരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രതിവർഷം തൊഴിൽരഹിത വേതനം നൽകുന്നതിനുവേണ്ടി ചെലവഴിക്കുന്ന ആകെ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽരഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക് 31-12-2014-വരെയുള്ളത് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം
1.	തിരുവനന്തപുരം	5,44,891
2.	കൊല്ലം	3,86,162
3.	ആലപ്പുഴ	3,16,965
4.	പത്തനംതിട്ട	1,31,500
5.	കോട്ടയം	2,27,403
6.	ഇടുക്കി	1,08,333
7.	എറണാകുളം	3,01,931
8.	തൃശ്ശൂർ	3,13,160
9.	പാലക്കാട്	2,91,851
10.	മലപ്പുറം	3,28,873
11.	കോഴിക്കോട്	3,66,146
12.	വയനാട്	87,495
13.	കണ്ണൂർ	2,16,871
14.	കാസർഗോഡ്	92,960
	ആകെ	37,14,541

(ബി) ഉണ്ട്. മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വിവരം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം	ചെലവഴിച്ച തുക	റിമാർക്സ്
2012-13	52,11,79,000	33,10,24,060	12 മാസത്തെ തൊഴിൽരഹിത വേതനം വിതരണം നടത്തിയിട്ടുണ്ട്
2013-14	51,11,79,000	15,73,50,900	6 മാസത്തെ വേതനം വിതരണം നടത്തി. 8 മാസത്തെ വേതനം വിതരണം നടത്താൻ ഇലക്ഷൻ കമ്മീഷന്റെ അനുമതി ലഭിക്കാത്തതിനാൽ തുക സറണ്ടർചെയ്തു.
2014-15	42,89,48,000	26,57,19,600	നടപ്പുവർഷം 10 മാസത്തെ വേതനം വിതരണം നടത്തിയിട്ടുണ്ട്.

അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

248 (940) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര ശതമാനം തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) രജിസ്ട്രേഷൻ സംബന്ധിച്ച് ഇവർക്ക് ആവശ്യമായ നിർദ്ദേശം/ ബോധവത്കരണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുവാൻ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly